REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-02-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഡൽഹിക്ക് ഇനി ലോക നിലവാരത്തോടെ നഗര അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഡൽഹിയിലെ ജനവിധി അംഗീകരിക്കുന്നതായി കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെ**
- **മാരാമൺ കൺവെൻഷനു ഇന്നുച്ചയ്ക്ക് പമ്പാ തീരത്ത് തുടക്കമാകും. ചെറുകോൽ പുഴ ഹിന്ദുമത പരിഷത്ത് വൈകിട്ട് സമാപിക്കും.**
- **ഇന്ത്യാ-ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് കട്ടക്കിൽ,**
- **ദേശീയ ഗെയിംസിൽ കേരളത്തിന് വനിതാ തായ്കോണ്ടോയിൽ സ്വർണം.**

## വാർത്തകൾ വിശദമായി

ഡൽഹിക്ക് ഇനി ലോക നിലവാരത്തോടെ നഗര അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ദേശീയ ജനാധിപത്യ സഖ്യം എന്നതിനർത്ഥം സദ്ഭരണവും വികസനവുമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ഡൽഹിയിൽ 21-ാം നൂറ്റാണ്ടിൽ പിറന്ന തലമുറയിലെ യുവാക്കൾക്ക് ആദ്യമായി BJP യുടെ സദ്ഭരണം നേരിൽ കാണാൻ അവസരം ലഭിച്ചിരിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് BJP പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......വോയ്സ്........

ഡൽഹിയിലെ നിയമസഭാ തെരഞ്ഞെടുപ്പ് വിജയം BJP യുടെ ഇരട്ട എഞ്ചിൻ ഗവൺമെന്റിൽ രാജ്യത്തിന്റെ വിശ്വാസം പ്രകടമാക്കുന്നതാണെന്ന് പ്രധാനമന്ത്രി വിലയിരുത്തി. ഡൽഹിയുടെ യഥാർത്ഥ ഉടമകൾ ഡൽഹിയിലെ ജനങ്ങളാണെന്ന് ഈ വിധിയെഴുത്തിലൂടെ വ്യക്തമായിരിക്കുകയാണെന്നും നരേന്ദ്രമോദി പറഞ്ഞു.

70 അംഗ ഡൽഹി നിയമസഭയിൽ 48 സീറ്റ് സ്വന്തമാക്കിയാണ് BJP അധികാരത്തിൽ എത്തുന്നത്. 27 വർഷത്തിന് ശേഷം ഭരണത്തിൽ തിരിച്ചെത്തുന്ന BJP, ആം ആദ്മി പാർട്ടിയ്ക്ക് 22 സീറ്റുകൾ മാത്രമാണ് വിട്ടുകൊടുത്തത്. കോൺഗ്രസിന് ഒരു സീറ്റ് പോലും നേടാനായില്ല. ഡൽഹി മുഖ്യമന്ത്രിയായിരുന്ന അരവിന്ദ് കെജ്‌രിവാളും ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയും പരാജയപ്പെട്ടു.

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനൊപ്പം നടത്തിയ ഉപതെരഞ്ഞെടുപ്പിൽ ഉത്തർപ്രദേശിലെ മിൽക്കിപൂർ മണ്ഡലത്തിൽ BJP വിജയിച്ചു. തമിഴ്നാട്ടിലെ ഈറോഡ് ഈസ്റ്റിൽ DMK യ്ക്കാണ് വിജയം.

✪✪✪

കേന്ദ്ര സഹമന്ത്രിമാരായ ജോർജ്ജ് കുര്യനും സുരേഷ് ഗോപിയും ഡൽഹിയിലെ വിജയത്തിൽ ആഹ്ലാദം അറിയിച്ചു. കോഴിക്കോടും തൃശൂരും ഉൾപ്പെടെ പലയിടത്തും BJP പ്രവർത്തകർ ആഹ്ലാദപ്രകടനം നടത്തി.

ഡെസ്ക് റിപ്പോർട്ട്

.....വോയ്സ്........

ഡൽഹിയിൽ ഇൻഡി സഖ്യം തകർന്നുവന്നും കേരളത്തിൽ മാത്രമാണ് ആ സഖ്യം നിലനിൽക്കുന്നതെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. നരേന്ദ്രമോദിയെ എതിർക്കാൻ CPIM-നെ കോൺഗ്രസ് സഹായിക്കുക യാണെന്നും കേരളത്തിൽ യഥാർത്ഥ പ്രതിപക്ഷം BJP ആണെന്നും അദ്ദേഹം കൊല്ലത്ത് പരവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

ഡൽഹിയുടെ പുനർനിർമ്മാണം ലക്ഷ്യമിട്ടാണ് ജനങ്ങൾ BJP യ്ക്ക് വിജയം സമ്മാനിച്ചതെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി വിലയിരുത്തി. കേരളത്തിലും പുതിയ നവോത്ഥാന വോട്ടിംഗ് ഉണ്ടാകുമെന്നും ഡൽഹിയിലെ വിജയം അതിൽ വലിയ പങ്കു വഹിക്കുമെന്നും തൃശൂരിൽ അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. BJP യുടെ ആഹ്ലാദ പ്രകടനത്തിലും സുരേഷ് ഗോപി പങ്കെടുത്തു.

✪✪✪

ഡൽഹിയിലെ ജനവിധി പാർട്ടി അംഗീകരിക്കുന്നതായി കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജുൻ ഖാർഗെ പറഞ്ഞു. പൊതുജന താൽപര്യാർത്ഥം ഡൽഹിയിലെ മലനീകരണം, യമുന നദീ ശുചീകരണം, റോഡ്, ജലം, വികസനം തുടങ്ങിയ വിഷയങ്ങൾ വരുംദിവസങ്ങളിൽ വീണ്ടും കോൺഗ്രസ് ഉയർത്തിക്കാട്ടുമെന്നും ഖാർഗെ അറിയിച്ചു.

ഡൽഹി തിരഞ്ഞെടുപ്പ് ഫലം താഴ്മയോടെ സ്വീകരിക്കുന്നതായി കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയും പറഞ്ഞു. അഴിമതി, പണപ്പെരുപ്പം, മലിനീകരണം എന്നിവക്കെതിരെ പോരാട്ടം തുടരുമെന്നും വോട്ടെടുപ്പിൽ പാർട്ടിക്കുവേണ്ടി പ്രവർത്തിച്ച എല്ലാ അണികൾക്കും നന്ദി അറിയിക്കുന്നതായും രാഹുൽഗാന്ധി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഇന്ത്യൻ ബഹിരാകാശ പദ്ധതി മറ്റൊരു രാജ്യത്തിനും നേടാൻ കഴിയാത്ത സ്ഥിരമായ പുരോഗതി കൈവരിച്ചതായി ISRO ചെയർമാൻ ഡോ. V.നാരായണൻ പറഞ്ഞു. ബംഗളൂരുവിൽ എയ്റോ ഇന്ത്യ ഇന്റർനാഷണൽ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 35 രാജ്യങ്ങളുടെ 433 ഉപഗ്രഹങ്ങൾ ഭ്രമണപഥത്തിലെത്തിച്ച് ISRO നൂറ് വിക്ഷേപണം പൂർത്തിയാക്കിയിരിക്കുകയാണ്. 1962-ൽ പ്രവർത്തനമാരംഭിച്ച ISRO-യ്ക്ക് 45 കിലോ ഉപഗ്രഹം മുതൽ ആറാം തലമുറ വിക്ഷേപണ വാഹനങ്ങളും ഉപസംവിധാനങ്ങളും വരെ വികസിപ്പിക്കാൻ സാധിച്ചതായും ഡോ. നാരായണൻ പറഞ്ഞു.

✪✪✪

ഇന്ത്യയെ ആഗോള ഉള്ളടക്ക കേന്ദ്രമാക്കി മാറ്റുന്നതിന് ആദ്യ വേൾഡ് ഓഡിയോ വിഷ്വൽ എന്റർടൈൻമെന്റ് സമ്മിറ്റ്, മികച്ച സംഭാവന നൽകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. വേവ്സിലൂടെ ഇന്ത്യ ലോകത്തിന്റെ സർഗ്ഗാത്മക ശക്തിയായി മാറുന്നതിന് അടിത്തറ പാകുകയാണെന്നും കേന്ദ്രമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ലോകത്തെ മൂന്നാം സാമ്പത്തിക ശക്തിയാക്കാൻ പര്യാപ്തമായ മുതൽമുടക്കാണ് മോദി ഗവൺമെന്റ് നടത്തുന്നതെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. ഈ ബജറ്റിലെ 3024 കോടി രൂപ ഉൾപ്പെടെ 10,000 കോടി രൂപയുടെ റെയിൽവേ വികസന പ്രവർത്തനങ്ങളാണ് കേരളത്തിൽ പുരോഗമിക്കുന്നതെന്നും അദ്ദേഹം പരവൂരിൽ വിലയിരുത്തി. പരവൂരിൽ

സ്റ്റോപ്പ് അനുവദിച്ച കന്യാകുമാരി- പുനലൂർ ട്രെയിനിന് ഒരുക്കിയ സ്വീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്ര സഹമന്ത്രി.

✪✪✪

സമൂഹത്തിന്റെ നിലവാരം അളക്കുന്ന ആരോഗ്യ - വിദ്യാഭ്യാസ - ജീവിത നിലവാര മാനകങ്ങളിൽ കേരളം രാജ്യത്ത് മുൻ നിരയിലാണെന്ന് സ്പീക്കർ AN ഷംസീർ പറഞ്ഞു. കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറെടുത്ത് വരികയാണെന്നും അദ്ദേഹം കണ്ണൂരിൽ പറഞ്ഞു.

എരഞ്ഞോളി ഗ്രാമപഞ്ചായത്തിനെ അതിദാരിദ്ര്യമുക്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുകയായിരുന്നു സ്പീക്കർ.

✪✪✪

ഈ വർഷത്തെ ഹജ്ജിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി തെരഞ്ഞെടുത്തവരുടെ ഒറിജിനൽ പാസ്പോർട്ടുകൾ സ്വീകരിക്കാൻ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ പ്രത്യേക കൗണ്ടർ ഏർപ്പെടുത്തി. ഇതിനു പുറമെ എല്ലാ പ്രവർത്തിദിവസങ്ങളിലും കരിപ്പൂർ ഹജ്ജ് ഹൗസിലും കോഴിക്കോട് പുതിയറ റീജിണൽ ഓഫീസിലും പാസ്പോർട്ടുകൾ സ്വീകരിക്കും. ഈ മാസം 18 ആണ് പാസ്പോർട്ട് സ്വീകരിക്കുന്ന അവസാന തീയതി.

✪✪✪

സംസ്ഥാനത്തെ തദ്ദേശ വാർഡ് വിഭജനത്തിലെ കരട് നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ ഒമ്പത് ജില്ലകളിൽ ഹിയറിംഗ് പൂർത്തിയായി. എല്ലാ ജില്ലകളിലും ഹീയറിംഗ് പൂർത്തിയായ ശേഷം കമ്മീഷൻ യോഗം ചേർന്ന് കരടിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കൂടിയായ ഡിലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ A ഷാജഹാൻ അറിയിച്ചു.

✪✪✪

മാരാമൺ കൺവെൻഷനു ഇന്നു ഉച്ചയ്ക്ക് പമ്പാ തീരത്ത് തുടക്കമാകും. ഒരാഴ്ച നീണ്ട ചെറുകോൽപുഴ ഹിന്ദുമത പരിഷത്ത് വൈകിട്ട് സമാപിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രിജി എസ് ശ്രീധർ.

.........വോയ്സ്.........

മലങ്കര മാർത്തോമാ സുറിയാനി സഭ സുവിശേഷ പ്രസംഗസംഘത്തിന്റെ ആഭിമുഖ്യത്തിൽ 130-ാംമത് മാരാമൺ കൺവെൻഷൻ പത്തനംതിട്ട മാരാമൺ പമ്പാനദിക്കരയിൽ ഇന്നു മുതൽ 16വരെ നടക്കും.

ഉച്ചയ്ക്ക് 2.30നു മാർത്തോമ്മാ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ചടങ്ങുകൾ ഉദ്ഘാടനം ചെയ്യും. ഒരു ലക്ഷം പേർക്കിരിക്കാവുന്ന പരമ്പരാഗത രീതിയിലുള്ള ഓലപ്പന്തൽ, കൺവെൻഷൻ നഗറിലേക്കുള്ള താൽക്കാലിക പാലങ്ങൾ, പ്രത്യേക കുട്ടിപ്പന്തൽ എന്നിങ്ങനെ മാരാമൺ കൺവെൻഷനായി ഒരുക്കങ്ങളെല്ലാം പൂർണ്ണ സജ്ജമായിട്ടുണ്ട്. കൺവെൻഷനിൽ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കും.

113-ാമത് ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിനു ഇന്നു വൈകിട്ടോടെ സമാപനം കുറിക്കും. ഏഴു ദിനങ്ങളായി

പമ്പാ മണൽ പുറത്തെ വിദ്യാധിരാജ നഗറിൽ നടന്നു വരുന്ന പരിഷത്തിൽ വൈകിട്ട് നാലിനു നടക്കുന്ന സമാപന സഭയുടെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ നിർവഹിക്കും. ദക്ഷിണ ഭാഗീരഥിയായ പമ്പയിൽ വൈകിട്ട് 6.30 ന് വിവിധ ആശ്രമങ്ങളിലെ സന്യാസി ശ്രേഷ്ഠരുടെയും, സാംസ്കാരിക നായകന്മാരുടെയും, വിവിധ ഹിന്ദു സമുദായങ്ങളുടെ നേതാക്കളുടെയും സാന്നിധ്യത്തിൽ

പമ്പയിൽ കുംഭമേളയും പമ്പ ആരതിയും നടക്കും.ഇതോടെ പരിഷത്തിനു സമാപനമാകും.

✪✪✪

സംസ്ഥാന തലത്തിൽ ആദ്യമായി വികസിപ്പിക്കുന്ന ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാനിന് സാങ്കേതിക സഹായം നൽകുമെന്ന് ലോകാരോഗ്യ സംഘടന അറിയിച്ചു. മന്ത്രി വീണാ ജോർജുമായി തിരുവനന്തപുരത്ത് നടത്തിയ കൂടിക്കാഴ്ചയിലാണ് ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ ഇക്കാര്യമറിയിച്ചത്.

✪✪✪

കോഴിക്കോട്ടെ നവീകരിച്ച ടൗൺഹാൾ വൈകിട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഇതോട് അനുബന്ധിച്ച് സംഗീതനിശയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഇന്ത്യാ-ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് കട്ടക്കിൽ. ബരാബതി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് മത്സരം.

ആദ്യമത്സരം ജയിച്ച ഇന്ത്യ പരമ്പരയിൽ മുന്നിട്ടു നിൽക്കുകയാണ്. പരിക്ക് ഭേദമായ മുൻ ക്യാപ്റ്റൻ വിരാട് കോലിയും ഇന്ന് മത്സരത്തിനിറങ്ങും.

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസിൽ കേരളം വനിതകളുടെ തായ്കോണ്ടോ 67 കിലോ വിഭാഗത്തിൽ സ്വർണം നേടി. മാർഗരറ്റ് മരിയ റെജിയാണ് ഈ ഇനത്തിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. ഇതിനുപുറമേ അത്ലറ്റിക്സിൽ മൂന്നും തായ്കോണ്ടോയിൽ നാലും ഉൾപ്പെടെ ഏഴു വെങ്കലവും ഇന്നലെ കേരളം നേടിയെടുത്തു. 34 മെഡലുകളുമായി മെഡൽ പട്ടികയിൽ കേരളം പത്താം സ്ഥാനത്താണ്. സർവീസസ് ഒന്നാം സ്ഥാനത്തും, കർണാടക രണ്ടാം സ്ഥാനത്തും തുടരുന്നു.

✪✪✪

മഹാരാഷ്ട്രയിൽ രഞ്ജി ട്രോഫി ക്രിക്കറ്റ് ക്വാർട്ടറിൽ കേരളത്തിനെതിരെ ജമ്മു കശ്മീർ ഭേദപ്പെട്ട നിലയിൽ. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറിങ്ങിയ ജമ്മു ഒന്നാം ദിവസം അവസാനിക്കുമ്പോൾ എട്ടിന് 228 എന്ന നിലയിലാണ്.

രണ്ടാം ദിവസമായ ഇന്ന് രാവിലെ ഒൻപതരയ്ക്ക് മത്സരം പുനരാരംഭിക്കും.

✪✪✪

ISL ഫുട്ബോളിൽ ഹൈദരാബാദിനും ചെന്നൈയിൻ FC യ്ക്കും വിജയം. ഹൈദരബാദിലെ മത്സരത്തിൽ മൊഹമ്മദൻസ് SCയെ ആണ് ഹൈദരാബാദ് FC പരാജയപ്പെടുത്തിയത്.

കൊൽക്കത്തയിൽ മറ്റൊരു മത്സരത്തിൽ ചെന്നൈയിൻ FC ഈസ്റ്റ് ബംഗാളിനെ പരാജയപ്പെടുത്തി.

ഇന്ന് ജംഷഡ്പൂർ FC, ബംഗളുരുവിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം.

✪✪✪

സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിലെ ജൂനിയർ വിഭാഗത്തിൽ തിരുവനന്തപുരം ജേതാക്കളായി. കണ്ണൂരിൽ ഒന്നിനെതിരെ മൂന്ന് സെറ്റുകൾക്കാണ് എറണാകുളത്തെ തിരുവനന്തപുരം തോൽപ്പിച്ചത്.

✪✪✪

താഴേതട്ടിൽ കോൺഗ്രസിന്റെ പ്രവർത്തനം ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി വാർഡ് പ്രസിഡന്റുമാർക്കായി ഇന്ന് പ്രത്യേക കൺവെൻഷൻ നടത്തും. കണ്ണൂർ നവനീതം ഓഡിറ്റോറിയത്തിൽ രാവിലെ KPCC. പ്രസിഡന്റ് K. സുധാകരൻ ഉദ്ഘാടനം ചെയ്യും നടക്കും.

AICC ജനറൽ സെക്രട്ടറി ദീപ ദാസ്മുൻഷി, മൻസൂർ അലി ഖാൻ, രാജ്മോഹൻ ഉണ്ണിത്താൻ, TN പ്രതാപൻ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ ഭിന്നശേഷി പെൻഷൻ ഒരു രൂപ പോലും വർദ്ധിപ്പിക്കാത്തതിൽ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് പ്രതിഷേധം അറിയിച്ചു. പരിമിതമായ ആവശ്യങ്ങൾ പോലും നൽകാത്ത നടപടിക്കെതിരെ പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കുമെന്ന് KFB സംസ്ഥാന സെക്രട്ടറി KM അബ്ദുൾ ഹക്കീം തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് യൂത്ത് ഫോറം കാഴ്ചാ വെല്ലുവിളി നേരിടുന്നവർക്കായി തൃശൂരിൽ ദേശീയ യുവജന ദിനാചരണം സംഘടിപ്പിച്ചു. രചനാ മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: ഫസ്ന ഫാത്തിമ, രജ്ന കെ*
*DEO: സുബോധ് സി കെ*